മാരാമൺ കൺവൻഷൻ 2023

# മാരാമൺ സന്ദേശം

പ്രതിദിന വാർത്താ പത്രിക

Published by: Malabar Mar Thoma Syrian Christian Evangelistic Association

2023 ഫെബ്രുവരി 17 വെള്ളി

### മാരാമൺ സന്ദേശം - വെള്ളി- പ്രഭാത യോഗം

## അഷ്ടസൗഭാഗ്യം : ശിഷ്യത്വത്തിന്റെ അടയാളം

**ബിഷപ്പ് റാഫേൽ തട്ടിൽ**

അഷ്ടസൗഭാഗ്യങ്ങളുടെ വിവരണമാണ് പ്രസ്തുത ഭാഗം. ദൈവീക സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മാനവീക ഭാവമാണ് മനുഷ്യന്റെ ശ്രേഷ്ഠത. തന്റെ പുത്രന്റെ ജഡാവതാരത്തിലൂടെ മനുഷ്യനിൽ നഷ്ടമായ ദൈവീകച്ഛായയെ വീണ്ടെടുക്കുവാൻ പിതാവ് ആഗ്രഹിക്കുന്നു. (യോഹന്നാൻ 3:16)

പ്രസ്തുത ഭാഗത്തേക്ക് കടന്നു വരുമ്പോൾ അഷ്ടസൗഭാഗ്യങ്ങളുടെ വിവരണങ്ങളിലൂടെ മനുഷ്യന്റെ ദൈവീകച്ഛായയെ സാദൃശ്യത്തെ എങ്ങനെ പരിരക്ഷിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ക്രിസ്തു തന്റെ മാമ്മോദീസാനന്തരം സമനിലം വിട്ട് ഉയർന്ന ഇടത്തേക്ക് കയറുന്നു. പ്രസ്തുത ഭാഗത്തെ പുറപ്പാട് സംഭവത്തിലെ മോശയും യഹോവയും തമ്മിലുള്ള സംവാദത്തോട് ചേർത്ത് വായിക്കാവുന്നതാണ്. ക്രിസ്തു ഇവിടെ ജനത്തെ ദൈവീക സാദൃശ്യത്തിന്റെ അനിവാര്യതയെപ്പറ്റി അവബോധമുള്ളവരാക്കുന്നു. അങ്ങനെ ജീവിതത്തിൽ വ്യത്യസ്തയിടങ്ങളിലെ സർഗ്ഗാത്മകത പ്രവർത്തന ശൈലി ഉണ്ടാകേണ്ട മാറ്റങ്ങളെ അഷ്ട സൗഭാഗ്യം വിളിച്ചോതുന്നു.

1. ദാരിദ്രത്തിലേക്കുള്ള വിപ്ളവാത്മകമായ ചുവട് മാറ്റത്തിലൂടെ

ആവശ്യത്തിനും അപ്പുറമുള്ള കൂട്ടിവെയ്ക്കലുകൾ നമ്മെ തന്നെ ചോദ്യം ചെയ്യേണ്ടിയിരിക്കുന്നു. അപരന്റെ നന്മയ്ക്കും വീണ്ടെടുപ്പിനും ആവശ്യമായത് എനിക്കുള്ളതിൽ നിന്നും നീക്കി വെയ്ക്കുന്ന വിശാലതയിലേക്ക് വളരേണ്ടത് അനിവാര്യമാണ്. അത് കേവലമായ ഒരു തീരുമാനത്തിന് അപ്പുറം വിപ്ലവാത്മകമായ പുത്തൻ നിലപാടിലേക്ക് നമ്മെ നയിക്കും. പങ്കുവെയ്ക്കലുകളിലൂടെ രൂപപ്പെടുന്ന ദാരിദ്ര്യം സ്വർഗ്ഗരാജ്യത്തിലേക്കുള്ള നമ്മുടെ പ്രവേശനത്തിന്റെ തിട്ടൂരമാണ്. ക്രൈസ്തവ ജീവിതം ദാരിദ്ര്യത്തിന്റെ വിപ്ലവ നിലപാടുകളിൽ വളരുവാനും അത് ജീവിതത്തിൽ പ്രകടമാകുവാനും ഉള്ള വിളിയാണ്.



*ബിഷപ്പ് റാഫേൽ തട്ടിൽ തിരുവചനത്തിൽ നിന്നും സംസാരിക്കുന്നു*

2. വേദനയുടെ നെടുവീർപ്പുകളെ തിരിച്ചറിയുക

കരച്ചിലെന്നത് വേദനിക്കുന്നവന്റെ നെടുവീർപ്പാണ് ക്രൈസ്തവ ദർശനം ഇങ്ങനെയുള്ളവരോടുള്ള താതാത്മ്യപ്പെടലാണ്. ക്രിസ്തു സംഭവങ്ങങ്ങളിലും ഈ വിധത്തിലുള്ള കണ്ണുനീരിനും വേദനകൾക്കും ഏറെ പ്രസക്തിയുണ്ട്. കുരിശ് അനുഭവങ്ങളിലൂടെയുള്ള ഒരുക്കത്തിൽ രൂപപ്പെടുന്ന "പിതാവെ കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നും നീങ്ങിപ്പോകേണമെ" എന്ന ഭാഗം നമ്മുടെ തന്നെ പ്രതീകമായി ചേർത്തു വായിക്കുവാൻ കഴിയും. വചനം ജീവനായി മാറുന്നത് ഇങ്ങനെയുള്ള മനുഷ്യാവസ്ഥകളെ അഭിസംബോധന ചെയ്യുന്നതിലാണ്.

3. കൂട്ടു പങ്കാളിത്വത്തിന്റെ സൗമ്യഭാവം സ്വീകരിക്കുക

അപരനെയും അവന്റെ ആശയത്തെയും കേൾക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്നതാണ് സൗമ്യതയുടെ പ്രധാന അടയാളം. സൗമ്യതയെന്നതിന് കൂട്ടു പങ്കാളിത്വത്തിന്റെ ഹൃദയ വിശാലതയാണെന്ന് മനസ്സിലാക്കുവാൻ കഴിയും. ഭൂമിയുടെ അവകാശത്തിലേക്ക് നയിക്കപ്പെടുന്നത് ഈ സൗമ്യതയിലൂടെയാണ്.

4. നീതിയുടെ ഉത്തരവാത്വ ബോധത്തിലേക്ക്

ദൈവം ആഗ്രഹിക്കുന്നതു പോലെ നാം കാര്യങ്ങൾ ചെയ്യുന്നതിന് നീതിയായി മനസ്സിലാക്കാം. നീതി രൂപപ്പെടേണ്ടയിടങ്ങൾ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. നീതിയെന്നത് കേവലമായ ഒരു ഔദാര്യ ഭാവത്തിനും അപ്പുറം ഗൗരവമേറിയ ഒരു ഉത്തരവാദിത്വ ബോധമാണ്. നമ്മുടെ കരങ്ങളിലൂടെ നിർവ്വഹിക്കപ്പെടുന്ന ദൈവാഗ്രഹമാണ് നീതി. ആ ഉത്തരവാദിത്വ ദർശനങ്ങളിലേക്ക് നാം വളരണം.

മറ്റുള്ളവരെ കേൾക്കുകയെന്നുള്ളത് വലിയ കാര്യമാണ്. വലിയവന്റെയും ചെറിയവന്റെയും വാക്കുകൾക്ക് നമ്മൾ ചെവി കൊടുക്കണം. അവരുടെ പ്രശ്നങ്ങൾ കേൾക്കുമ്പോൾ ക്ഷമയോടു കൂടി കേൾക്കാൻ സാധിക്കണം. ഇത് അവരെ ചേർത്ത് പിടിക്കുന്നതിന് തുല്യമാണ്. കർത്താവിന്റെ അഷ്ടസൗഭാഗ്യങ്ങൾ അനുഭവിക്കാൻ പ്രാപ്തരാകണം. ക്രിസ്തുവിന്റെ ദർശനത്തോട് താതാത്മ്യം പ്രാപിപ്പാൻ കഴിയണം. അപരനെ കരുതുകയെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ടത്. ആത്മാവിൽ ദരിദ്രരായിരിക്കുന്നവർ ഭാഗ്യവാന്മാരെന്നും ദൈവരാജ്യം അവരുടെതെന്നും സുവിശേഷങ്ങൾ നമ്മെ പഠിപ്പിക്കുന്നു. എന്റെ കൈയ്യിലുള്ളത് എന്റെ സഹോദരന്റെ ആവശ്യങ്ങൾക്ക് കൂടി കൊടുക്കാനുള്ളതാണെന്ന ബോധ്യം നമുക്ക് ഉണ്ടാകണം.

ഹൃദയ കാപഠ്യമില്ലാതെ ജീവിക്കുമ്പോഴാണ് നമ്മൾ ആത്മാവിൽ ദരിദ്രരായി തീരുന്നത്. ദരിദ്രരായിരിക്കാൻ ഞാനും നിങ്ങളും എടുക്കുന്ന നിലപാടുകളിൽ വിപ്ലവാത്മകതയുണ്ട്. ആ വിപ്ലവമാണ് ദൈവം നമുക്ക് നൽകുന്ന സമാധാനവും സന്തോഷവും.

*തയ്യാറാക്കിയത് :*
*റിജോ എബ്രഹാം ചെറിയാൻ*
*സെബി കെ പോൾ*
*(മാർത്തോമ്മ വൈദീക സെമിനാരി)*

ബൈബിൾ സ്റ്റഡി :

# അപരത്വത്തിൽ നിന്നും അമ്മത്വത്തിലേക്ക്, പുറമ്പോക്കിൽ നിന്നും പൊക്കിൾക്കൊടി ബന്ധത്തിലേക്ക്

റവ. മോത്തി വർക്കി



*ബൈബിൾ ക്ലാസ്സിന് റവ.ഡോ.മോത്തി വർക്കി നേതൃത്വം നൽകുന്നു*

പല മഹത്വങ്ങൾക്ക് പിന്നിലും നാം അറിഞ്ഞ് വീഴ്ത്തിയവരുടെ കണ്ണുനീരിന്റെ പശ്ചാത്തലമായതിനാൽ അണത്വത്തെയും സ്ത്രീത്തത്വെയും കുറിച്ച് സംസാരിക്കാം. ഇന്ന് നമ്മുടെ കാഴ്ചകൾ ആദ്യമെത്തുന്നത് ശരീരത്തലില്ല, അവയവത്തിലാണ്, മനുഷ്യത്വത്തെയല്ല, ജാതിയെയാണ്. നിറവും ജാതിയും ലിംഗവുമായി നാം മനുഷ്യനെ വിവചിച്ച് കാണുന്നു. ദൈവം എനിക്ക് നൽകിയതായ ശരീരത്തെ സാംസ്ക്കാരിക ശരീരമായി മനുഷ്യൻ പേരിടുന്നു. ഇത് വാക്കിനെ വാക്കല്ലാതാക്കി മാറ്റുന്നു.

ഇന്ന് ഉപയോഗിക്കുന്ന വാക്കുകൾക്ക് എന്തിന്റെ മണമാണുള്ളത്? ക്രൂശിലെ സ്നേഹത്തിന്റെ മണമുണ്ടോ? പൗലോസ് ദൗത്യത്തെപ്പറ്റി പറയുമ്പോൾ പിതാവിന്റെയും അമ്മയുടെയും പദങ്ങളാൽ കുറിക്കുന്നുണ്ട്. സ്ത്രീയുടെ പ്രസവ വേദനയെ തന്റെ ശുശ്രൂഷയിലൂടെ ആകുല അവസ്ഥയെ കുറിക്കുന്നു. ഇതൊരു സ്ത്രീ രൂപമാണ്. മുറിപ്പെടാത്ത പുരുഷ ശരീരം ഉത്തമ ലക്ഷണമുള്ളതെന്ന് റോമൻ സംസ്ക്കാരത്തിന്റെ ഒരു പ്രത്യേകതകയാണ്. സ്ത്രീയുടേതിനെക്കാൾ റോമൻ, ഗ്രീക്ക് സംസ്ക്കാരങ്ങൾ ആണുടലിനെ ഉത്തമമായി കണ്ടു.

പ്രസവ വേദനയെക്കുറിക്കുമ്പോൾ പൗലോസ് അതിനെ അർത്ഥമുള്ള വേദനയായി കാണുന്നു. അത് ബലഹീനതയല്ല. നമ്മുടെ നാട്ടിലും ആണത്വത്തെ സംബന്ധിച്ച പ്രകടനങ്ങൾ നിലനിൽക്കുന്നുണ്ട്. അപ്പോൾ സ്ത്രീത്വത്തെ സംബന്ധിച്ച പരാമർശങ്ങൾ തീർച്ചയായും ഉടലെടുത്തിരിക്കും. പലപ്പോഴും മതവും സംസ്ക്കാരവും ചേർത്ത് എഴുതിയ മരപ്പാവകളായി സ്ത്രീ തീരുന്നു. സൗമ്യത സ്ത്രീത്വത്തിന്റെ മാത്രം ഗുണമല്ല, ഭാഗ്യവനായി കരുതപ്പെട്ട മോശ എന്ന പുരുഷൻ സൗമ്യതയുള്ളവനായിരുന്നു. തന്റെ ആണത്വത്തെ അഴിച്ചുവിട്ട് പൗലോസ് മാറുന്നത് മാതൃത്ത്വത്തിലേക്ക് രൂപാന്തരപ്പെടുന്നു. തന്റെ ശരീരം ദുർബലമാണെന്ന് പറയുവാൻ പൗലോസ് മടിക്കുന്നില്ല. ശരീരത്തിലേറ്റ അടിപ്പാടുകളെപ്പറ്റി പറയുന്നുണ്ട്. മാരകമായ ആൺ ബോധത്തെ ആഘോഷിക്കുന്ന സമൂഹത്തിൽ നിന്നും തന്റെ ശരീരത്തിലെ മുറിവുകളെ ക്രിസ്തു സ്നേഹത്തിന്റെ മുദ്രയായി പൗലോസ് കാണുന്നു. 1.കൊരിന്ത്യർ 15:8-ൽ അകാല പ്രജപോലെ എന്ന് പ്രയോഗിക്കുമ്പോൾ സമൂഹം പൗലോസിനെ അന്ന് അത്രത്തോളം നിന്ദ്യമായി കണ്ടിരിക്കുന്നുവെന്നതിനെ കുറിക്കുന്നു. 1.തെസ്സ.2:7-ൽ നാം വായിക്കുന്നത് അമ്മ തന്റെ കുഞ്ഞുങ്ങളെ പോറ്റും പോലെ ഞങ്ങൾ നിങ്ങളുടെ ഇടയിൽ ആർദ്രതയുള്ളവരായിരുന്നു. ആർദ്രത പറയുവാൻ ഏറ്റവു നല്ലത് അമ്മയുടെ ഭാഷയാണ്. സഭയെ മണവാട്ടിയെന്ന് പറയുന്നതും, മാമ്മോദീസാ തൊട്ടിയെ രണ്ടാം ഗർഭപാത്രമെന്ന് ഉപമിക്കുന്നതും, മസ്നപ്സ അണിഞ്ഞ തിരുമേനിയും എല്ലാമിത് അർത്ഥ സമ്പുഷ്ടമായ ഫെമിനിൻ ഫിഗർലൈവ് ലാംഗ്വേജാണ്. പുറമ്പോക്കിൽ തള്ളിക്കളഞ്ഞവരെ പൗലോസ് പൊക്കിൾക്കൊടി ബന്ധത്തിലേക്ക് പൗലോസ് ചേർത്ത് അടിപ്പിക്കുന്നു. ലോകത്തിലെ അനാഥരെയും പാർശ്വവത്കരിക്കപ്പെട്ടവരെയും തന്നോടൊപ്പം തന്നെ ജീവിതമായി പൗലോസ് വിശദീകരിക്കുന്നു. വേദനകൾ മഹത്വത്തിന്റെ അനുഭവമായി പൗലോസ് അവതരിപ്പിക്കുന്നു. സഭ ഒരു അമ്മയാകാൻ വിളിക്കപ്പെട്ടിരിക്കുന്നു. സുവിശേഷം പറായൻ ഉള്ള ഭാഷ ആർദ്രതയുടെയും സ്ത്രീ ഭാവത്തിന്റെ ഭാഷയാകണം. അധിനിവേശത്തിന്റെയും ആൺകോഴ്മയുടെയും കീഴ്പ്പെടുത്തലിന്റെയും ആകരുത്.

*തയ്യാറാക്കിയത്*
*റിജോ എബ്രഹാം ചെറിയാൻ*
*ലിന്റു തരകൻ*
*(മാർത്തോമ്മ വൈദീക സെമിനാരി)*



*മാരാമൺ കൺവൻഷൻ ഗായകസംഘാംഗങ്ങൾ.................*

## സുവിശേഷ ദൂതൻ

മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘത്തിന്റെ സുവിശേഷ പ്രവർത്തനങ്ങളെക്കുറിച്ച് മനസിലാക്കുന്നതിനും മിഷൻ പ്രവർത്തനങ്ങളെ അടുത്തറിയുന്നതിനും സഹായിക്കുന്ന ഒരു ക്രിസ്തീയ കുടുംബ മാസികയാണ് സുവിശേഷ ദൂതൻ. പ്രതിദിനം കുടുംബപ്രാർത്ഥനയിൽ ധ്യാനിക്കുന്നതിനുള്ള ധ്യാനദീപങ്ങൾ മാസികയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

150 രൂപ വാർഷിക വരിസംഖ്യയും 1500 രൂപ ആയുഷ്കാല വരിസംഖ്യയുമാണ്. മണൽപ്പുറത്തുള്ള സുവിശേഷസംഘം സ്റ്റാളുകളിലോ സുവിശേഷകരുടെ പക്കൽ പണമടച്ചോ സുവിശേഷദൂതന്റെ വരിക്കാരാകാവുന്നതാണ്.

യുവവേദി

# പരിവർത്തന കാലവും ആസക്തികളും

അന്ന ശോശ തോമസ്




*യുവജനസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ യുവവേദിയിൽ അന്ന ശോശ തോമസ് സംസാരിക്കുന്നു*

യുവജനങ്ങൾ - ആസക്തി - പരിവർത്തന കാലം - ഇവ പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന വാക്കുകളാണ്. ഈ കാലത്ത് മാറ്റത്തിന്റെ പ്രധാന ത്വരകങ്ങൾ യുവജനങ്ങളാണ് അവർ നാളെയുടെ നേതൃത്വസ്ഥാനികളാണ്. നിലവിൽ ഉണ്ടായിരിക്കുന്ന അവസ്ഥയിൽ നിന്നും മറ്റൊരു അവസ്ഥയിലേക്കുള്ള മാറ്റമാണ് പരിവർത്തനം. ലോക വ്യവസ്ഥയിൽ ഉണ്ടാകുന്ന വ്യാപക മാറ്റത്തിന്റെ പ്രത്യേകത അടയാളപ്പെടുത്തുന്ന ചിലതാണ്. ആശയങ്ങളുടെയും അറിവുകളുടെയും ആഗോള വ്യാപനം അതിർത്തികൾ ഇല്ലാതെയാകുന്നത്. കോവിഡ് കാലഘട്ടം ഈ മാറ്റത്തിന്റെ പ്രകടിത ഭാവമായി നമുക്ക് മനസ്സിലാക്കാം. ഒറ്റപ്പെടൽ ഈ കാലഘട്ടത്തിൽ എല്ലാവരിലും പ്രത്യേകിച്ച് യുവജനങ്ങളിൽ ഏറെ പ്രകടമായി കണ്ടു വരുന്നു. ദുർബലമായ ഈ അവസ്ഥയുടെ മറ പിടിച്ചാണ് ആസക്തിയുണ്ടാകുന്നത്. ആസക്തികൾ നമ്മെ സ്വയം തിരിച്ചറിയുവാൻ കഴിയാത്ത അവസ്ഥയിലേക്ക് നയിക്കുന്നു. തുടർന്ന് അത് നിർബന്ധം ശീലമായി മാറുന്നു. ഇവയുണ്ടാകുന്ന സാമൂഹിക പ്രത്യാഘാതങ്ങൾ ഭീകരമാണ്.

ആസക്തിയിൽ ഒന്നാണ് ലഹരിവസ്തുക്കളുടെ ഉപയോഗം. നിയമ വ്യവസ്ഥ ലഹരിയുടെ ഉപയോഗത്തെ പ്രതിരോധിക്കുന്ടെങ്കിലും ഇവ ഗൗരവകരമായി പരിഗണിക്കപ്പെടാതെ പോകുന്നു. മനുഷ്യന്റെ ആസക്തികൾ സമൂഹത്തോടുള്ള പ്രതിബദ്ധത നഷ്ടമാകുന്നു. നമ്മുടെ രാജ്യത്തിൽ രാജ്യ സേവനത്തിലേക്ക് വരുന്നവരുടെ എണ്ണം കുറഞ്ഞു വരുന്നത് ഇതിന്റെ ഒരു തെളിവ് തന്നെയാണ്.

മറ്റൊരു ആസക്തിയാണ് പെരുമാറ്റ ആസക്തി. ഇവ വിട്ടുമാറാത്ത ശീലങ്ങളാണ്. ഇത് ശരീരത്തെയും മനസ്സിനെയും പ്രതികൂലമായി ബാധിക്കുന്നു. ഇത് അടിമത്വമായി പരിഗണിച്ച് നമ്മെ ഫോമോ അഥവാ ഫിയർ ഓഫ് മിസ്സിങ്ങ് ഔട്ട് എന്നതിന് കീഴ്പ്പെടുത്തുന്നു.

ഇത് വെളിവാക്കുന്നത് മറ്റൊരു രഹസ്യം ഈ ആസക്തിയെ വിൽക്കുന്ന ഒരു ശൃംഖല സജീവമാണെന്നുള്ളതാണ്. ആവശ്യാസക്തിയുടെ മറ പിടിച്ചു നാം ഇന്ന് നമ്മിൽ കടന്നു കൂടിയ പെരുമാറ്റ ആസക്തിയെ ന്യായീകരിക്കുന്നു. പെരുമാറ്റ ആസക്തികളുടെ ചില രൂപങ്ങളാണ് ലഹരി ഉപയോഗം. ചിന്താമണ്ഡലങ്ങളെ അശക്തമാക്കുന്ന ശീലങ്ങൾ ലൈംഗീക ആസക്തി, തക്കസമയത്ത് ലഭിക്കാത്ത ലഹരിയെക്കുറിച്ചുള്ള പ്രതികാരം തുടങ്ങിയവ. ചില പിരിമുറുക്കങ്ങൾ ഭക്ഷണാസക്തിയുണ്ടാക്കുന്നതിന് കാരണമാകുന്നു. സ്വന്തം വിലയെ കുറച്ചു കാണുകയെന്നതും ഇത്തരം ആസക്തിയുടെ ബാക്കി പത്രമാണ്. നമുക്ക് ആവശ്യമില്ലാത്തതൊക്കെയും വാങ്ങിക്കൂട്ടുവാൻ പ്രേരിപ്പിക്കുന്നത് ഈ ആസക്തിയുപയോഗിച്ചാണ്.

നമ്മുടെ ആസക്തിയെ തിരിച്ചറിഞ്ഞാൽ മാറ്റത്തിന് സ്വയം ശ്രമിക്കുക. ഈ ശ്രമത്തിന് കൈത്താങ്ങലാകേണ്ടത് കുടുംബവും സമൂഹവും സഭയുമാണ്. ഇത് ഒരാളുടെ സ്വകാര്യതയിലേക്കുള്ള കൈകടത്തൽ അല്ല, മറിച്ച് കൈത്താങ്ങലാണ്. പ്രതിരോധ മാർഗ്ഗങ്ങളായി നാം ചെയ്യുന്നവ പരാജയപ്പെടുകയാണെങ്കിൽ പ്രൊഫഷണലായിട്ടുള്ളവരുടെ സഹായം തേടുവാൻ മടികൂടാതെ കഴിയണം. സമൂഹത്തിന് ഇത്തരത്തിൽ സഹായം തേടുന്നവരോട് മുൻവിധി പലപ്പോഴും വിടുതലിന് വിലങ്ങു തടിയായേക്കാം. എന്നാൽ ഈ ശ്രമങ്ങൾ പരാജയപ്പെട്ടാൽ മനുഷ്യൻ പരിമിതികൾ ഉള്ളവനാണെന്ന് തിരിച്ചറിഞ്ഞാൽ ദൈവത്താൽ സകലവും സാദ്ധ്യമാണെന്ന് തിരിച്ചറിയുന്നയിടത്താണ് നാം ശക്തരാകുന്നത്. ദൈവകൃപ നമ്മോടൊപ്പം പ്രവർത്തിക്കുന്നതിന് തിരിച്ചറിയുമ്പോൾ നാം ആസക്തികളെ കീഴ്പ്പെടുത്തും.

*തയ്യാറാക്കിയത്*
*സെബി കെ പോൾ*
*ലിന്റു തരകൻ*
*(മാർത്തോമ്മ വൈദീക സെമിനാരി)*

## യുവവേദി

നാളെ ഉച്ചയ്ക്ക് 02.30-ന് യുവവേദി യോഗത്തിൽ ഡോ. ശശി തരൂർ എം.പി പ്രസംഗിക്കും.
യുവവേദി യോഗങ്ങൾക്ക് നാളെ സമാപനമാകും.

## ബൈബിൾ സ്റ്റഡി, കുട്ടികളുടെ യോഗങ്ങൾ നാളെ സമാപിക്കും

കുട്ടിപ്പന്തലിൽ സി.എസ്.എസ്.എം -ന്റെ നേതൃത്വത്തിൽ നടത്തുന്ന യോഗവും പന്തലിൽ നടക്കുന്ന ബൈബിൾ സ്റ്റഡിയും നാളെ സമാപിക്കും.

## സ്തോത്രകാഴ്ചകളും സംഭാവനകളും

കൺവൻഷനിൽ പങ്കെടുക്കാൻ കഴിയാത്തവർക്ക് സ്തോത്രകാഴ്ചയും സുവിശേഷവേലയ്ക്കായുള്ള സംഭാവനയും നൽകുന്നതിനുള്ള ബാങ്ക് ഡീറ്റെയിൽസ് കൺവൻഷൻ തത്സമയം ടെലികാസ്റ്റ് ചെയ്യുന്ന മാധ്യമങ്ങളിൽ കൂടെ ലഭിക്കുന്നതാണ്. ഓൺലൈനായി പണമടയ്ക്കുന്നവർ പേമെന്റ് ഗേറ്റ്വേ സംവിധാനത്തിലൂടെയും ക്യു ആർ കോഡ് സ്കാൻ ചെയ്തും സ്തോത്രകാഴ്ചയിൽ പങ്കുചേരാം.

## പ്രതിഷ്ഠാ ശുശ്രൂഷ

പൂർണ്ണസമയ സുവിശേഷവേലയ്ക്ക് പ്രതിഷ്ഠിക്കുവാൻ താല്പര്യപ്പെടുന്ന 12 വയസിൽ താഴെ പ്രായമുള്ള കുട്ടികൾളുടെ പ്രതിഷ്ഠാ ശുശ്രൂഷ ഇന്ന് നടന്നു. 12 വയസിന് മുകളിൽ പ്രായമുള്ളവർക്കായി നാളെ പ്രത്യേക പ്രതിഷ്ഠാ ശുശ്രൂഷ കോഴഞ്ചേരി സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ രാവിലെ 7.30 ന് ക്രമീകരിച്ചിട്ടുണ്ട്. താല്പര്യപ്പെടുന്നവർ പ്രത്യേക ഫോം പൂരിപ്പിച്ച് നൽകി മാതാപിതാക്കളോടൊപ്പം ശുശ്രൂഷയിൽ പങ്കെടുക്കണം.

## സുവിശേഷ പ്രസംഗ സംഘം ഓഫീസ്

സുവിശേഷ പ്രസംഗ സംഘത്തിന്റെ ഓഫീസ് പന്തലിലെ പ്രധാന വേദിക്ക് പിന്നിലായി പ്രവർത്തിക്കുന്നു. സംഘത്തിന്റെ വിവിധ സേവനങ്ങൾ ഇവിടെ ലഭ്യമാണ്.

## കുടിവെള്ളം

മണൽപ്പുറത്ത് ക്രമീകരിച്ചിരിക്കുന്ന വാട്ടർ കിയോസ്കുകളിൽ ചൂടുവെള്ളവും തണുത്ത വെള്ളവും സാധാരണ കുടിവെള്ളവും ലഭ്യമാണ്. കുടിവെള്ളം അമൂല്യമായി കരുതി ദാഹശമനത്തിന് മാത്രം ഉപയോഗിക്കണം. മറ്റാവശ്യങ്ങൾക്ക് മണൽപ്പുറത്ത് ക്രമീകരിച്ചിരിക്കുന്ന സാധാരണ ടാപ്പുകളിൽ നിന്ന് വെള്ളം ശേഖരിക്കാവുന്നതാണ്.

### സായാഹ്നയോഗം – സേവികാ സംഘ യോഗം

# ക്രിസ്തു വെളിപ്പാട് : സ്വാതന്ത്ര്യം, സംവാദം, സമത്വം

## മാർക്ക് ഡി.ചാപ്മാൻ



*സേവികാ സംഘത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ യോഗത്തിൽ മാർക്ക് ഡി.ചാപ്പ്മാൻ പ്രസംഗിക്കുന്നു*

അപ്പൊസ്തലന്മാരെന്ന നിലയിൽ എങ്ങനെ ദൈവം നമ്മുടെയുള്ളിൽ പ്രവർത്തിക്കുന്നുവെന്നത് ചിന്തനീയമാണ്. ചുറ്റുമുള്ളതിൽ ഉയരുന്ന ചോദ്യങ്ങളെയും സംശയങ്ങളുടെയും വെളിച്ചത്തിൽ പ്രസ്തുത ഭാഗത്ത് പൗലോസിന്റെ അപ്പോസ്തല അധികാരത്തിന്റെ ഉറവിടത്തെപ്പറ്റി ദൈവീകമായി അധികാര ഉറവിടത്തിന്റെ അടിത്തറ ക്രിസ്തുവിൽ വെളിപ്പെടുന്നതിനെപ്പറ്റി പ്രസ്തുത ഭാഗമാണ് വിവരിക്കുന്നത്. ക്രിസ്തുവിലൂടെ ലോകത്തിൽ നിഗൂഡമായതെല്ലാം മറ നീക്കി വെളിപ്പെടുന്നുവെന്ന് അപ്പോസ്തലൻ അഭിപ്രായപ്പെടുന്നു.

ക്രിസ്തു സഭയെ ഉപദ്രവിക്കുന്ന നിലയിൽ പൗലോസ് വളരെ തീക്ഷണ്തയുള്ള ഒരു യഹൂദ്യനായിരുന്നുവെന്ന് നാം മനസ്സിലാക്കുന്നു. എന്നാൽ ക്രിസ്താനുഭവത്തിന്റെ വെളിപ്പാടുകൾ അവനെ പുതിയ ചിന്താതലങ്ങളിലേക്ക് നവീകരിക്കുന്നുണ്ട്. ആ പുത്തൻ ബോദ്ധ്യങ്ങളിലൂടെ സുവിശേഷം ആർക്കായും പരിമിതപ്പെടുത്തിയ ഒന്നല്ലയെന്ന ബോധ്യത്തിലേക്ക് പൗലോസ് എത്തുന്നു. നാം എല്ലാവരും ക്രിസ്തുവിന്റെ ആതിഥിയേത്വത്തിലായിരിക്കുന്നു എന്നതാണ് സുവിശേഷത്തിലൂടെ രൂപപ്പെടുന്ന സാർവ്വത്രിക സ്വഭാവവും എല്ലാവരെയും ഉപാധികൾക്ക് അതീതമായി തുല്യമായും ഉൾക്കൊള്ളുന്നുണ്ട്. ക്രിസ്തു സഭയുടെ ദൈവശാസ്ത്രം , ക്രിസ്തുവിന്റെ സഭയിൽ വലിപ്പ ചെറുപ്പങ്ങളില്ലാതെ ക്രിസ്തുവിലൂടെ വെളിപ്പെട്ട ഒരു സ്വാതന്ത്ര്യത്തെ ആഘോഷിക്കുവാൻ നമുക്ക് കഴിയണം.

അവിടെയാണ് എല്ലാ സഭകളുടെയും പരസ്പര ഐക്യം വർദ്ധിപ്പിക്കേണ്ടത് ഏറെ അനിവാര്യമായി മാറുന്നത്. പരസ്പരം അകറ്റുവാനല്ല, ഒന്നാകുവാനുള്ള സഭയിൽ വർധിപ്പിക്കേണ്ടത് ഏറെ ആവശ്യമാണ്. ക്രൂശിതനായ ക്രിസ്തുവിനെ ആരാധിക്കുന്നത് ഒന്നായിരിക്കുവാൻ സ്വാതന്ത്ര്യം ലഭിച്ച കൂട്ടമാണ് ക്രിസ്തുവിലൂടെ വെളിപ്പെട്ട ഈ സ്വാതന്ത്ര്യത്തെ നാം തിരിച്ചറിയണം. ആശയപരമായി നമ്മെ അകറ്റുന്ന പലതിനെക്കാളും ശക്തമാണ് ക്രിസ്തുവിലൂടെ ഒന്നിപ്പിക്കുന്ന വസ്തുക്കൾ. നാം ആരാധിക്കുന്ന മശിഹാ ക്രൂശിതനായവനാണ്, യെഹൂദ്യ ബോധ്യങ്ങളിൽ അത് അസംഭവ്യമാണെങ്കിലും അത് വിശ്വസിക്കുവാൻ യഹൂദ പാരമ്പര്യത്തിൽ രൂപപ്പെട്ട അപ്പോസ്തലന് പ്രേരിപ്പിക്കുന്നു. ഈ ക്രൂശിതാനുഭവത്തിന്റെ നിറവിൽ നമ്മുടെ ബലഹീനതയിൽ നമ്മുടെ ബലഹീനതയിൽ ജീവിക്കുവാൻ പരസ്പര ബന്ധിത സഭയായി ചേർന്നു ജീവിക്കുവാൻ നമുക്ക് കഴിയും. കരുത്തും ബലഹീനതയും ഒരു പോലെ ക്രിസ്തു എന്ന ശരീരത്തിന്റെ ഭാഗമാകുന്നു. അത് നമ്മെ ഒന്നിപ്പിക്കുന്നത് വിശുദ്ധ മാമ്മോദീസായിലൂടെയാണ്.

സദ്വർത്തമാനം പ്രസംഗിക്കുവാൻ ദൈവം എന്നെ തിരഞ്ഞെടുത്തുവെന്ന് പൗലോസ് തിരിച്ചറിയുന്നുണ്ട്. വിജാതിയരോടുള്ള പൗലോസിന്റെ സുവിശേഷ ദൗത്യത്തെ അപ്പോസ്തലൻ ഗൗരവമായി കാണുന്നുണ്ട്. യഹൂദന്റേത് മാത്രമായി, ക്രിസ്തുവിനെ പരിമിതപ്പെടുത്തുവാൻ പൗലോസ് ആഗ്രഹിക്കുന്നില്ല. ഒരു സുവിശേഷ സഞ്ചാരിയായ പൗലോസ് മാറുന്നുണ്ട്. സുവിശേഷത്തിന്റെ യാത്ര തടസ്സപ്പെടുത്തിയവൻ, ആ സുവിശേഷ യാത്രയുടെ അമരക്കാരനായി രൂപപ്പെടുന്നു. തന്റെ കൂട്ടു യാത്രക്കാരനായ ബർന്നബാസിനൊപ്പം നിലവിലിരിക്കുന്ന വ്യാജവിശ്വാസങ്ങളെയും ബോധ്യങ്ങളെയും പ്രാർത്ഥനയെയും ഊന്നി വെല്ലുവിളിക്കുന്നു. ആ പ്രാർത്ഥനാംശം വാദ പ്രതിവാദങ്ങളെ സമാധാന പൂർണ്ണമായി പര്യവസാനിക്കുന്ന അപ്പോസ്തലനെ സഹായിക്കുന്നു.

വിയോജിപ്പിന്റെ മദ്ധ്യത്തിലും പരസ്പരം കേൾക്കുവാനും ഉൾക്കൊള്ളുവാനും കഴിയേണ്ടത് നമ്മുടെ സഭായിടങ്ങളിലും ഏറെ അനിവാര്യമാണ്. ഈ ഭാവം ഒരിക്കലും എളുപ്പമായതല്ല. എന്നാൽ പൗലോസ് അത് അസാദ്ധ്യമല്ലെന്ന് ഓർമ്മിപ്പിക്കുന്നു. ദൈവീക രക്ഷയ്ക്ക് നാം അംശികളാകുന്നത് അനുരഞ്ചനത്തിലൂടെയാണ്.

അപ്പോസ്തലന്റെ മുന്നോട്ടുള്ള യാത്രയിൽ ക്രിസ്തുബന്ധത്തിൽ നീതികരണം പ്രാപിക്കുവാനായി ശ്രമിക്കുന്നുണ്ട്.

# നാം ദൈവസൃഷ്ടിയുടെ കാര്യവിചാരകർ : റവ.റ്റിറ്റി.വൈ

**തമിഴ് മേഖല വിശ്വാസികളുടെ യോഗം**

തിരിച്ചറിവിന്റെ പാഠം

യേശുക്രിസ്തുവിന്റെ ഗിരിപ്രഭാഷണ ഭാഗങ്ങളിൽ നിന്നും നൽകിയ സന്ദേശത്തിൽ നമ്മെ സൃഷ്ടിച്ചത് ദൈവമാണെന്നും, ദൈവത്തിന്റെ സ്വരൂപത്തിലാണ് നമ്മെ സൃഷ്ടിച്ചതെന്നും, ദൈവ ശ്വാസത്തിലൂടെയാണ് നമ്മെ സൃഷ്ടിച്ചതെന്നും പറഞ്ഞു. ദൈവം നമ്മെ ആക്കിയിരിക്കുന്നത് ദൈവ സൃഷ്ടികളുടെ കാര്യവിചാരകന്മാരായിട്ടാണ്. നമ്മൾ ദൈവ സൃഷ്ടികളുടെ പരിപാലകന്മാരാകണം. ദൈവം സൃഷ്ടിച്ചതിനെയെല്ലാം സംരക്ഷിക്കുവാൻ നാം ബാദ്ധ്യസ്ഥരാണ്. ധാരാളമായ കൃപകൾ ദൈവത്തിൽ നിന്നും നമുക്ക് ലഭിച്ചു. കൂടുതൽ കൃപകൾ നമുക്ക് ലഭിക്കുന്നതിനാൽ, ദൈവത്തോട് നമുക്കുള്ള ഉത്തരവാദിത്വവും കൂടുതലാണ്. വിശേഷത ഏറുമ്പോൾ ഉത്തരവാദിത്വവുമേറുമെന്നത് മറക്കരുത്.

മുൻഗണനയുടെ പാഠം

നാം ആർക്കാണ് എന്തിനാണ് പ്രാധാന്യം നൽകേണ്ടത്. ദൈവത്തിനാണ് നാം എല്ലാത്തിനെക്കാളും പ്രാധാന്യം നൽകേണ്ടത്. കൈസർക്കുള്ളത് ക്രിസ്തുവിനുള്ളത് ക്രിസ്തുവിനുമെന്നാണ് സുവിശേഷത്തിൽ പറയുന്നത്. കൈസർ എന്ത് അർഹിക്കുന്നവോ അത് കൈസർക്കും, ദൈവത്തിനുള്ളത് എന്താണോ അത് ദൈവത്തിനും നൽകുക. ദൈവം അർഹിക്കുന്നത് നമ്മെ മുറ്റുമാണെന്ന കാര്യം മറക്കരുത്. ദൈവത്തിന് നാം പ്രാധാന്യം നൽകുമ്പോൾ ദൈവം നമുക്ക് കൂടുതൽ നന്മകൾ നൽകും. നാം ദൈവത്തെ തേടി വരുമ്പോൾ അവൻ നമ്മെയും തേടിയെത്തും.

ശാന്തതയുടെ പാഠം

ആകുലത നിറഞ്ഞ ലോകത്തിലാണ് നാം ജീവിക്കുന്നത്. ഇത്തരത്തിലുള്ള സാഹചര്യത്തിൽ ദൈവം നൽകുന്ന സമാധാനത്തിൽ നിലനിൽക്കുവാൻ നമുക്ക് കഴിയണം.

എഡിറ്റോറിയൽ കോർഡിനേറ്റേഴ്സ്
അഡ്വ.ജേക്കബ്ബ് ജോൺ കരിക്കം
അജി അലക്സ്
എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ
റവ.ജിജി മാത്യൂസ്
പ്രൊഫ.ഡോ.അജിത് വർഗ്ഗീസ് ജോർജ്ജ്
റവ.സജി പി സൈമൺ
ജേക്കബ്ബ് ശാമുവേൽ
പി.പി.അച്ചൻകുഞ്ഞ്
പി.കെ.കുരുവിള
തോമസ് കോശി
ജോസ് പി വയയ്ക്കൽ
ലറ്റീഷ്യ തോമസ്
സജി എം ജോർജ്
ഡിസൈൻ & ലേ ഔട്ട്
അരുൺ കുംബ്ലോലിൽ
ഷിജു ചുനക്കര

മാരാമൺ കൺവൻഷൻ പാട്ടു പുസ്തകങ്ങൾ (മലയാളം & ഇംഗ്ലിഷ് ട്രാൻസ്ലിറ്ററേറ്റഡ്) 20 രൂപയ്ക്ക് മണൽപ്പുറത്ത് ലഭ്യമാണ്.

കൺവൻഷൻ പാട്ടുകളുടെ സി.ഡി 100 രൂപയ്ക്ക് യുവജനസഖ്യം സ്റ്റാളുകളിൽ ലഭ്യമാണ്.

കൺവൻഷൻ പാട്ടുകളുടെ പെൻഡ്രൈവ് 400 രൂപയ്ക്ക് യുവജനസഖ്യം സ്റ്റാളുകളിൽ

## മാരാമണ്ണിൽ നാളെ

**18. 02. 2023**

രാവിലെ 07.30 മുതൽ 08.30
**കുട്ടികളുടെ യോഗം** -
കുട്ടിപ്പന്തലിൽ- സി.എസ്.എസ്.എം
ബൈബിൾ ക്ലാസ്സ് -
റവ. മോത്തി വർക്കി
09.30 മുതൽ മിഷണറി യോഗം
അദ്ധ്യക്ഷൻ : -
ഡോ. ജോസഫ് മാർ ബർന്നബാസ്
സഫ്രഗൻ മെത്രാപ്പോലീത്ത
വചന ശുശ്രൂഷ : -
റവ. മാർക്ക് ഡി. ചാപ്മാൻ
ഉച്ചയ്ക്ക് 02.30 മുതൽ
**യുവവേദി**
സന്ദേശം : ഡോ. ശശി തരൂർ എം. പി
വൈകുന്നേരം 05.00 മുതൽ
പൊതുയോഗം
അദ്ധ്യക്ഷൻ :-
ഡോ. തോമസ് മാർ തീത്തോസ്
എപ്പിസ്കോപ്പ
വചന ശുശ്രൂഷ :-
ഡോ. മാത്യൂസ് മാർ മക്കാറിയോസ്
എപ്പിസ്കോപ്പ
വൈകുന്നേരം 07.00 മുതൽ
**ഭാഷാ അടിസ്ഥാനത്തിലുള്ള സംഗമത്തിൽ കന്നട മേഖലയിലെ വിശ്വാസികൾ**

# ഇന്നത്തെ ചിത്രങ്ങളിലൂടെ.........




സേവികാ സംഘ യോഗത്തിൽ ജില്ലാ കളക്ടർ ഡോ.ദിവ്യ എസ് അയ്യർ സംസാരിക്കുന്നു



അമേരിക്കയിലെ കോപ്പൽസിറ്റി ഡെപ്യൂട്ടി മേയർ ബിജുമാത്യു യോഗത്തിൽ പങ്കെടുക്കുന്നു



അഭിവന്ദ്യ മാർത്തോമ്മാ മെത്രാപ്പോലീത്തയ്ക്കൊപ്പം ജില്ലാ കളക്ടർ ഡോ.ദിവ്യ എസ് അയ്യർ, മോൻസ് ജോസഫ് എംഎൽഎ



കുട്ടിപ്പന്തലിൽ നടന്ന ബസ്ക്യാമ്മമാരുടെ സമ്മേളനത്തിൽ അഭിവന്ദ്യ ഡോ.യൂയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്ത സംസാരിക്കുന്നു